# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

പ്രവചന കാലയളവ് 04.11.2023 മുതൽ 08.11.2023 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 44/2023 (88) വെള്ളിയാഴ്ച | തീയ്യതി 03/11/2023 |
|---|---|

2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 04.11.2023 | 05.11.2023 | 06.11.2023 | 07.11.2023 | 08.11.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 15 | 18 | 15 | 10 | 11 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 26 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 4 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 270 | 250 | 290 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 6 | 8 |

കാലാവസ്ഥാ അറിയിപ്പ്: **IMD** യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിര്ദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്. താഴ്ന്ന പ്രദേശങ്ങളിൽ നീർവാർച്ച സൗകര്യം ഉറപ്പാക്കുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | ജല നിർഗമനത്തിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്. നെല്ലിക്കോഴിയുടെ ആക്രമണം ചെറുക്കുന്നതിന് വലകൾ, റിഫ്ലക്റ്റീവ് റിബണുകൾ എന്നിവ ഉപയോഗിക്കാവുന്നതാണ്. |
| നെല്ല് (മുണ്ടകൻ) ഞാറു പരുവം | പരിപാലനം | നെല്ലിലെ പോളരോഗം, ഇലപ്പുള്ളി രോഗം, ബാക്റ്റീരിയൽ ഇല കരിച്ചിൽ എന്നിവക്കെതിരെയുള്ള പ്രതിരോധ മാർഗ്ഗമായി സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കാവുന്നതാണ്. |
| വാഴ | പരിപാലനം | ജലസേചനത്തിനുള്ള തടമെടുക്കലും ചാലുകീറലും നടത്താവുന്നതാണ്. ചീര, പയർ, ഇഞ്ചി, മഞ്ഞൾ എന്നിവ ഇടവിളകളായി കൃഷി ചെയ്യാവുന്നതാണ്. |
| വെള്ളരി വർഗ്ഗ പച്ചക്കറിവിളകൾ | മൃദുരോമ പൂപ്പൽ | അന്തരീക്ഷ ആർദ്രത കൂടുന്നത് മൂലം വെള്ളരിവർഗ പച്ചക്കറികളിൽ മൃദുരോമ പൂപ്പൽ എന്ന കുമിൾ രോഗം കാണാനിടയുണ്ട് . പ്രതിവിധിയായി 2.5 ഗ്രാം മാൻകോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയ്ക്കത്തക്കവിധത്തിൽ കലക്കി തളിക്കുക. |

<table>
<tr><td>ശീതകാല പച്ചക്കറികൾ</td><td>നടീലും പരിപാലന വും</td><td>നവംബർ ആദ്യവാരത്തോടു കൂടി മൂന്നു മുതൽ അഞ്ച് ആഴ്ച പ്രായമായ തൈകൾ പ്രധാന കൃഷിയിടത്തിലേക്ക് പറിച്ചു നടാവുന്നതാണ്. നല്ല സൂര്യ പ്രകാശം ലഭിക്കുന്ന സ്ഥലത്ത് നീർവാർച്ചയുള്ള മണ്ണിൽ വേണം കൃഷി നടത്തുവാൻ.</td></tr>
<tr><td colspan="3">മത്സ്യകൃഷി:- ശക്തമായ മഴ കാരണം മത്സ്യ കുളങ്ങളിലെ ജലനിരപ്പ് ഉയർന്നു വരുന്നതിനാൽ മത്സ്യ കർഷകർ മത്സ്യങ്ങൾ പോകാതിരിക്കാനുള്ള മുൻകരുതൽ എടുക്കേണ്ടതാകുന്നു. കുളങ്ങൾക്കു ചുറ്റും വലകെട്ടി സംരക്ഷണം നൽകാവുന്നതാണ്.</td></tr>
</table>